പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1689** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കിയതിന് ആവശ്യമായ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി. യിൽ സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കിയതിന് ആവശ്യമായ എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രിയദർശിനി പദ്ധതി നടപ്പിലാക്കിയതുവഴി ഇതുവരെ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 15.06.2026 മുതൽ 30.06.2026 വരെ | സ.ഉ.(സാധാ) നം. 253/2026/Trans തീയതി 27.07.2026) | 41,50,58,555/- |
| 01.07.2026 മുതൽ 15.07.2026 വരെ | സ.ഉ.(സാധാ) നം. 272/2026/Trans തീയതി 13.08.2026) | 42,86,68,750/- |
| 16.07.2026 മുതൽ 31.07.2026 വരെ | സ.ഉ.(സാധാ) നം. 286/2026/Trans തീയതി 24.08.2026) | 46,48,88,473/- |
| 01.08.2026 മുതൽ 31.08.2026 വരെ | സ.ഉ.(സാധാ) നം. 312/2026/Trans തീയതി 22.09.2026 | 79,53,40,207/- |

**(ബി)** സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കെ.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എത്ര തുക പലിശയിനത്തിൽ നൽകണമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കെ.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടില്ല.

**(സി)** കെ.എഫ്.സി. യെ കൂടാതെ മറ്റ് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; അഥവാ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടില്ല.

**(ഡി)** വായ്പ തുകയുടെ പലിശ നൽകുന്നത് സർക്കാരാണോ കെ.എസ്.ആർ.ടി.സി. ആണോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**